# പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 3841      15.03.2017 ലെ മറുപടിക്ക്

## പ്രകൃതി ദത്ത ചകിരിനാരിന്റെ ലഭ്യത കുറവ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ഇ.പി.ജയരാജൻ<br>ശ്രീ.വി. കെ. സി. മമ്മത് കോയ<br>ശ്രീ.എം. നൗഷാദ്<br>ശ്രീ.കെ.സുരേഷ് കുറുപ്പ് | ഡോ. ടി.എം.തോമസ്സ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |

| | |
|---|---|
| എ) പ്രകൃതി ദത്ത ചകിരിനാരിന്റെ ലഭ്യത കുറവ് സംസ്ഥാനത്തെ കയർ വ്യവസായത്തെ സാരമായി ബാധിച്ചിട്ടുണ്ടെന്ന അവലോകനത്തിന്റെ അടിസ്ഥാനത്തിൽ ഇതു പരിഹരിക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടുവരുന്നതെന്ന് വ്യക്തമാക്കാമോ; | എ) പ്രകൃതി ദത്ത ചകിരിനാരിന്റെ ലഭ്യത കുറവ് സംസ്ഥാനത്തെ കയർ വ്യവസായത്തെ സാരമായി ബാധിച്ചിട്ടുണ്ട്. ഈ പ്രശ്നം പരിഹരിക്കുന്നതിന് നിലവിലുള്ള പദ്ധതിയിൽ സമഗ്രമായ മാറ്റങ്ങൾ വരുത്തിക്കൊണ്ടുള്ള ഒരു പുതിയ പദ്ധതി "തൊണ്ടു സംഭരണവും ചകിരി ഉത്പ്പാദനവും" നടപ്പിലാക്കി വരുന്നു 2017-18 ൽ കയർ രണ്ടാം പുന:സംഘടന സ്കീം നടപ്പിലാക്കുന്നതിന്റെ ഭാഗമായി നെന്മാറ മണ്ഡലത്തിലെ വടവന്നൂരിൽ പ്രതിദിനം 60000 തൊണ്ട് ചകിരിയാക്കാനുള്ള മില്ല് മെയ് മാസത്തിൽ പ്രവർത്തനം ആരംഭിക്കുന്നതിനും സംസ്ഥാനമൊട്ടാകെ 100 ചകിരി മില്ലുകൾ ആരംഭിക്കുന്നതിനും 2017-18 ലെ ബഡ്ജറ്റിൽ ലക്ഷ്യമിട്ടിരിക്കുന്നു. |
| ബി) സ്വാഭാവിക ജലാശയങ്ങളിൽ തൊണ്ടഴുക്കൽ വ്യാപകമാക്കാൻ കഴിയാത്ത സാഹചര്യത്തിലും വൈറ്റ് ഫൈബറിനോട് താല്പര്യം കുറവായതിനാലും കൃത്രിമ ജലസംഭരണികൾ നിർമ്മിച്ച് വൻതോതിൽ തൊണ്ടഴുക്കൽ നടത്തി പ്രകൃതിദത്ത ചകിരിനാരു സംഭരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | ബി) പച്ച തൊണ്ടിൽ നിന്നും നേരിട്ട് ചകിരി ഉല്പാദിപ്പിക്കുന്ന നടപടികളാണ് കയർ വകുപ്പ് പ്രോത്സാഹിപ്പിക്കുന്നത്. ഇതിനായുള്ള ഡീഫൈബറിംഗ് മെഷീനുകൾ കേരള കയർ മെഷിനറി മാനുഫാക്ചറിംഗ് കമ്പനി ലി. വഴി വിതരണം ചെയ്തുവരുന്നു. ആയതിനാൽ തൊണ്ടഴുക്കൽ നിലവിൽ പ്രോത്സാഹിപ്പിക്കുന്നില്ല. |
| സി) ഇത്തരം ജലസംഭരണികളിലെ മലിനജലം ശുദ്ധീകരിച്ച് വീണ്ടും ഉപയോഗിച്ചാൽ പാരിസ്ഥിതിക പ്രശ്നങ്ങൾ ഉണ്ടാകില്ലെന്നതു കൊണ്ട് ഇത്തരം പദ്ധതികളുടെ സാധ്യത പരിശോധിക്കുമോ? | സി)ബാധകമല്ല. |

സെക്ഷൻ ഓഫീസർ